സാമ്പിൾ ശേഖരിച്ച് പരിശോധിക്കുന്നുണ്ട്. പരിശോധനയിൽ നിശ്ചിത വീര്യത്തേക്കാൾ കൂടുതലായി കണ്ടാൽ കുറ്റക്കാരുടെ പേരിൽ ജാമ്യമില്ലാത്ത കേസ്സ് രജിസ്റ്റർ ചെയ്തു നടപടി സ്വീകരിക്കുന്നു.

പ്രാഥമിക സഹകരണസംഘങ്ങൾ മിച്ച സംഖ്യ ട്രഷറിയിൽ നിക്ഷേപിക്കണമെന്ന നിർദ്ദേശം

28 (*88)ശ്രീ. ബി. വിജയകുമാർ :

ശ്രീ. കെ. സുധാകരൻ :

ശ്രീ. അടൂർ പ്രകാശ് :

ശ്രീ. കെ.എ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രാഥമിക സഹകരണസംഘങ്ങൾ അവയുടെ മിച്ച സംഖ്യ ജില്ലാ സഹകരണ ബാങ്കുകളിൽ നിന്നും പിൻവലിച്ച് ആറര വർഷ കാലാവധിക്ക് സംസ്ഥാന ട്രഷറികളിൽ നിക്ഷേപിക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിനുള്ള കാരണമെന്ത്;

(സി) ഇതുമൂലം പ്രാഥമിക സഹകരണ സംഘങ്ങൾക്ക് അവയുടെ വക പണം അവർക്കാവശ്യമുള്ളപ്പോൾ പിൻവലിക്കുവാൻ കഴിയുമോ;

(ഡി) ഇതുമൂലം പ്രാഥമിക സംഘങ്ങളുടെ ഇടപാടുകാർക്ക് യഥാസമയം പണം നൽകുന്നതിൽ തടസ്സമുണ്ടായിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ അതിന് എന്ത് പരിഹാരമാണ് നിർദ്ദേശിക്കാനുള്ളത് എന്ന് വ്യക്തമാക്കുമോ?

ധനകാര്യ വകുപ്പുമന്ത്രി ശ്രീ. ടി. ശിവദാസമേനോൻ) :

(എ) പ്രാഥമിക സംഘങ്ങൾ അവരുടെ മിച്ച ഫണ്ട് ജില്ലാ ബാങ്കുകളിൽ നിന്നും പിൻവലിച്ച് ട്രഷറികളിൽ നിക്ഷേപിക്കണമെന്ന് നിർദ്ദേശം നൽകിയിട്ടില്ല.

(ബി) - (ഇ) ബാധകമല്ല.

കേരളാ സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ ലാഭകരമാക്കാൻ നടപടി

29 (*89)ശ്രീ. കെ.എം. മാണി :

ശ്രീ. തോമസ് ചാഴിക്കാടൻ :

ശ്രീ. കെ. നാരായണക്കുറുപ്പ് :

ശ്രീ. സി.എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളാ സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ നേരിടുന്ന നഷ്ടം സംബന്ധിച്ച് സർക്കാർ പഠനം നടത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ നഷ്ടം വരുവാനുള്ള കാരണങ്ങൾ എന്തൊക്കെയെന്ന് വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly